# പതിനാലാം കേരള നിയമ സഭ
## ഒൻപതാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2273- 2018 ഫെബ്രുവരി 05 നുള്ള മറുപടിയ്ക്ക്

എച്ച്.ബി.എ

| | ചോദ്യം<br>ശ്രീ.കോവൂർ കുഞ്ഞുമോൻ എം.എൽ.എ | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ മന്ത്രി |
|---|---|---|
| (എ) | 2017-18 ബജറ്റിൽ സർക്കാർ ജീവനക്കാരുടെ എച്ച്.ബി.എ.ക്ക് എത്ര കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്; നാളിതു വരെ എത്ര കോടി രൂപഅനുവദിച്ചിട്ടുണ്ടെന്നും ഇനി ബാക്കി എത്ര രൂപ അനുവദിക്കാനുണ്ടെന്നും വ്യക്തമാക്കുമോ; | സംസ്ഥാന സർവ്വീസിലുള്ള സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും നൽകുന്ന ഭവന നിർമ്മാണ വായ്പയ്ക്ക് 2017-2018 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ 231 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുകയിൽ ഇതുവരെ 50 കോടി രൂപ ചെലവഴിച്ചിട്ടുണ്ട് അവശേഷിക്കുന്നത് 181 കോടി രൂപയാണ്. |
| (ബി) | എച്ച്.ബി.എ.ക്ക് അപേക്ഷിക്കുന്ന ജീവനക്കാരുടെ അസ്സൽ ആധാരം ഉൾപ്പെടെ11 ഓളം സാക്ഷ്യപത്രങ്ങളുടെ അസ്സൽ സർക്കാർ കൈവശം ആണെന്നുള്ള വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | ഭവന നിർമ്മാണ വായ്പ അപേക്ഷയോടൊപ്പം ജീവനക്കാർ വസ്തുവിന്റെ പ്രമാണങ്ങളും അനുബന്ധരേഖകളും സമർപ്പിക്കേണ്ടതുണ്ട് ആയത് ബന്ധപ്പെട്ട വകുപ്പ മേധാവികളുടെ സൂക്ഷിപ്പിലാണുള്ളത്. |
| (സി) | എച്ച്.ബി.എ. തയ്യാറാക്കിയിട്ടുള്ള മുൻഗണനാ ലിസ്റ്റിൽ എത്ര പേർ നിലവിലുണ്ട്; ഇതിൽ എത്ര പേർക്ക് തുക അനുവദിച്ചിട്ടുണ്ടെന്നും ലിസ്റ്റിൽ ശേഷിക്കുന്നത് എത്ര പേരെന്നും വെളിപ്പെടുത്താമോ; | 2017-18 വർഷത്തെ സംസ്ഥാനതല സംയോജിത ഭവനനിർമ്മാണ വായ്പ മുൻഗണനാപ്പട്ടികയിൽ ആകെ 2889 പേരാണുള്ളത്. അതിൽ 344 പേർക്ക് ഒന്നാം ഘട്ടത്തിൽ വായ്പ അനുവദിച്ചു ഇനി പട്ടികയിൽ അവശേഷിക്കുന്നത് 2537 പേരാണ് (8 പേർക്ക് വായ്പ വേണ്ടാത്തതിനാൽ അപേക്ഷ റദ്ദു ചെയ്തിട്ടുണ്ട്). |
| (ഡി) | എങ്കിൽ 2017-18 ബജറ്റിൽ സർക്കാർ ജീവനക്കാരുടെ എച്ച്.ബി.എ.ക്ക് വകയിരുത്തിയിരുന്നതിൽ ശേഷിക്കുന്ന തുക മാർച്ച് മാസത്തിന് മുൻപ് അനുവദിക്കുമോയെന്ന് വിശദമാക്കുമോ? | 2017-18 ബജറ്റിൽ സർക്കാർ ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പക്ക് വകയിരുത്തിയിരുന്നതിൽ ശേഷിക്കുന്ന തുക നടപ്പ് സാമ്പത്തിക വർഷത്തിനുള്ളിൽ തന്നെ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ